**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2809** **28-02-2023 - ൽ മറുപടിയ്ക്ക്**

**പാലപ്പിള്ളി- ചീനിക്കുന്ന് റിംഗ് റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ പാലപ്പിള്ളി- ചീനിക്കുന്ന് റിംഗ് റോഡ് നിർമ്മാണത്തിനായി വനം വകുപ്പിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് സമർപ്പിച്ച അപേക്ഷയിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പുതുക്കാട് നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന വരന്തരപ്പിള്ളി ഗ്രാമ പഞ്ചായത്തിലെ പാലപ്പിള്ളി- ചീനിക്കുന്ന് റിംഗ് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട അപേക്ഷ 11.07.2022 ൽ ചാലക്കുടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ ലഭിച്ചിട്ടുള്ളതാണ്. ടി റോഡിന്റെ അറ്റകുറ്റപ്പണി നടത്തുന്നതിന് Ministry of Environment & Forests (FC Division) ന്റെ 29.04.2005 ലെ മാർഗ്ഗരേഖ പ്രകാരം "for up gradation of Kutcha road constructed prior to 1980 in Forest areas to Pucca roads" എന്നതിൽ ഉൾപ്പെടുത്തി നിരാക്ഷേപ പത്രം അനുവദിക്കുന്നതിന് പ്രസ്തുത റോഡ് 1980 ന് മുൻപ് നിലനിന്നിരുന്നതാണെന്ന സാക്ഷ്യപത്രം ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും 22.02.2023 ന് ലഭിച്ചിട്ടുണ്ട്. ആയതിനാൽ മേൽ റോഡ് ടൈൽ വിരിക്കുന്നതിനുള്ള നിരാക്ഷേപപത്രം എത്രയും പെട്ടെന്ന് അനുവദിക്കുന്നതാണെന്ന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ചാലക്കുടി അറിയിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത റോഡ് നിർമ്മാണത്തിനായി വനം വകുപ്പിന്റെ എൻ.ഒ.സി. അടിന്തരമായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ